**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **10-08-2023 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനം മൂലമുള്ള അപകടങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനം മൂലം വനമേഖലയിൽ ഉണ്ടാകുന്ന അപകടകരമായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലം വനമേഖലയിൽ അപകടകരമായ സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല. എന്നാൽ പരിസ്ഥിതിക്കും, ആവാ സവ്യവസ്ഥക്കും ദോഷകരമായ കാലിക പ്രാധാന്യം നഷ്ടപ്പെട്ട തുമായ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്യുന്നതിനും, സ്വാഭാവിക വന പുന:സ്ഥാപനം നടത്തുന്നതിന് നയരേഖ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ വനസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ; | (ബി) | വനത്തിന്റെ ആവാസ വ്യവസ്ഥ യെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന അധിനിവേശ കള സസ്യങ്ങളെ നീക്കം ചെയ്യുന്ന തിനും, തദ്ദേശീയ ഇനങ്ങളെ വച്ചു പിടിപ്പിക്കുന്നതിനും സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരി ച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചു വരുന്നുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിനായി സ്വാഭാവിക വനങ്ങൾ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (സി) | സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ പ്രകാരം അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃ സ്ഥാപനം നടത്തുവാനും, വനത്തി ന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധി ക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കള സസ്യങ്ങളെ യുദ്ധകാലാടിസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിൽ നീക്കം ചെയ്ത് സ്വാഭാവി കമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഇത്തര ത്തിൽ ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ